ശതമാനത്തിൽകൂടുതൽ വിജയശതമാനം കൈവരിച്ച സർക്കാർ സ്കൂളുകൾക്ക് പോലും ഹയർ സെക്കണ്ടറി അനുവദിച്ചിട്ടില്ല. കണ്ണൂർ-38, കോഴിക്കോട് 19, മലപ്പുറം-8, പാലക്കാട്-4 ഇത്രയും ഗവൺമെന്റ് ഹൈസ്കൂളുകളിൽ പഠിച്ച് പാസ്സായ കുട്ടികൾക്ക് ഹയർ സെക്കണ്ടറിക്ക് പഠിക്കാനുള്ള അവസരമില്ല. കുഴൽമന്ദം മണ്ഡലത്തിൽ എന്തുവേണമെന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(4) മണ്ണാർക്കാട് നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കടുത്ത പനിമൂലം രോഗികൾ മരണമടയുന്നതിനാൽ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ആശുപത്രികളിൽ അടിയന്തരമായി മരുന്ന് എത്തിക്കുന്നതിനുമുള്ള നടപടി

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, അത്യന്തം വേദനാജനകമായ ഒരു കാര്യമാണ് പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ മൂന്ന് പഞ്ചായത്തുകളിലും നിലനിൽക്കുന്നത്. സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത മരണത്തിൽ 150-ൽ 16 പേർ പാലക്കാടാണ്. ആ 16 പേരിൽ 6 പേർ മണ്ണാർക്കാടാണ്. ഇന്നലെ പാലക്കാട് ജില്ലയിൽ ഒ.പി. വിഭാഗത്തിൽ മൊത്തം റിപ്പോർട്ട് ചെയ്ത 1343 പേരിൽ എന്റെ നിയോജകമണ്ഡലത്തിലെ 7 പേരുണ്ട്. 6 പേർ മരിച്ചു. ഒരാളിന് ഡെങ്കിപ്പനി ആണെന്ന് ഇന്നലെ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മണ്ണാർക്കാട്, പെരിന്തൽമണ്ണ താലൂക്കുകളിലെ ആശുപത്രികളിൽ അടിയന്തിരമായും ഒ.പി. ക്ളിനിക്കുകൾ അനുവദിച്ച് ആ താലൂക്കിലെയും കേരളത്തിലെ മുഴുവൻ ജനങ്ങളെയും പനിയിൽ നിന്ന് അടിയന്തിരമായും രക്ഷിക്കണമെന്ന് സർക്കാരിനോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും, പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് ആശുപത്രികൾ വരെ, പനിക്കുള്ള മരുന്ന് നൽകി കഴിഞ്ഞു. ഇപ്പോൾ ഓരോ ആശുപത്രിയിലും വേണ്ടത്ര മരുന്നുണ്ട്. ഈ പറഞ്ഞതൊക്കെ ശരിയാണോയെന്ന് പരിശോധിക്കാൻ ആരോഗ്യ, വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പുസെക്രട്ടറി എന്നിവർ വിതുര ആശുപത്രി സന്ദർശിച്ചപ്പോൾ അവിടെ നിന്ന് ലഭിച്ച കണക്കുകളാണ് ഞാൻ പറയുന്നത്. ഇതൊരു ഉദാഹരണം മാത്രമാണ്. പെൻസുലിൻ, ക്രിസ്റ്റലൈൻ പെൻസുലിൻ, ജന്റാമൈസിൻ, റ്റാബ്ലറ്റ്സ് - സെപ്ട്രാൺ, ആമ്പിസിലിൻ, ഫ്ലെക്സോൺ, സെഫലാക്സിൻ, ആന്റിബയോട്ടിക്സ് - ഐ.വി. ഫ്ളൂയിഡ്, പാരസെറ്റാമോൾ, റ്റാബ്ലറ്റ്സ്, അവിൽ, സൽബുറ്റമോൾ സിറപ്പ്, ടെസ്റ്റാമൈസിൻ സിറപ്പ് ഇങ്ങനെ തുടങ്ങി ഏറ്റവും അത്യാവശ്യമായ എല്ലാ മരുന്നുകളും എല്ലാ പി.എച്ച്.സി.കളിലും എത്തിച്ചു. അതുമാത്രമല്ല ഇനിയും കുറവ് വരാൻ പാടില്ലായെന്നുള്ളതുകൊണ്ട് ക്യാബിനറ്റ് സബ് കമ്മിറ്റി 24-ാം തീയതി യോഗം ചേർന്ന് വീണ്ടും ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപ മരുന്ന് വാങ്ങുന്നതിനായി അനുവദിച്ചു. ആ പണം ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

റിലീസാകും. നേരത്തേ 1.15 ലക്ഷം രൂപയും 2.30 ലക്ഷം രൂപയും റിലീസായി കഴിഞ്ഞു. എല്ലാവർക്കും കൊടുത്ത് കഴിഞ്ഞു. ആശുപത്രികളിൽ മരുന്ന് ഇല്ലാത്തതുകൊണ്ട് ഒരു രോഗിയും മരിക്കില്ല. ഇതുപറഞ്ഞ കൂട്ടത്തിൽ ഒരു കാര്യം കൂടി പറയാനുണ്ട്. ഹൃദ്രോഗംമൂലം മരണമടഞ്ഞവരുണ്ട്, തൃശ്ശൂർ ജില്ലയിൽ ടോൺസിലൈറ്റിസ് കൊണ്ട് ഒരാൾ മരിച്ചു. രണ്ടും പനിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ ഇപ്പോൾ ആശുപത്രിയിൽ മരിക്കുന്ന എല്ലാ രോഗികൾക്കും പനിയാണ്. രാജസ്ഥാനിൽ പോയി വന്ന ഒരാൾക്ക് കോളറ വന്നു. കേരളത്തിൽ ആദ്യമായി കോളറ വരികയാണ്. ആ രോഗിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് 24 മണിക്കൂറിനകം റിപ്പോർട്ട് വാങ്ങി അതിന്റെ നടപടിയും സ്വീകരിച്ചു വളരെ ബദ്ധശ്രദ്ധയോടുകൂടിയാണ് പനി തടയാനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ നടത്തികൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ശ്രീ. കളത്തിൽ അബ്ദുള്ള വ്യാകുലപ്പെടണ്ട ; ഒരു ആശങ്കയും വേണ്ട. എന്ത് കാര്യവും എപ്പോൾ ശ്രദ്ധയിൽപ്പെടുത്തിയാലും നടപടി സ്വീകരിക്കാം.

(5) കെ.എസ്.ആർ.ടി.സി കൺസഷൻ കാർഡ് നൽകുന്നതിൽ വരുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ

ശ്രീ. പി. സി. ജോർജ് : സർ, വിദ്യാഭ്യാസം വളരെ ചെലവേറിയത് ആയിരിക്കുന്നുവെന്ന് നമുക്കറിയാം. പരീക്ഷാ ഫീസും എല്ലാം വർദ്ധിപ്പിച്ചിരിക്കുന്നു. ഈ സാഹചര്യത്തിലാണ് കെ.എസ്.ആർ.ടി.സി വിദ്യാർത്ഥികൾക്ക് കൺസഷൻ കാർഡ് കൊടുക്കാത്ത ഗതികേട്. ഈരാറ്റുപേട്ടയിലെ ചോലങ്ങാം എന്ന സ്ഥലത്ത് നിന്ന് ഒരു വിദ്യാർത്ഥി പൂഞ്ഞാറിൽ വന്ന് പഠിച്ച് പോകണമെങ്കിൽ 13 രൂപ ചാർജ് കൊടുക്കണം. എങ്ങനെ കൊടുക്കാൻ പറ്റുമെന്ന്. അങ്ങ് ആലോചിക്കണം. അങ്ങ് എന്റെ നേതാവല്ലേ ? ഈ കടുംകയ്യിൽ നിന്ന് ജനങ്ങളെ രക്ഷിക്കണം. കേരളാ കോൺഗ്രസിന്റെ ജീവിച്ചിരിക്കുന്ന രണ്ട് നേതാക്കൻമാരിൽ ഒരാളാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള. മറ്റൊന്ന് ശ്രീ. കെ. നാരായണക്കുറുപ്പാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കെ.എസ്.ആർ.ടി.സി. കഴിഞ്ഞ വർഷം കൊടുത്തിരിക്കുന്ന അത്രയും കൺസഷൻ കാർഡ് കൊടുക്കാമെന്ന് ഈ വർഷവും അങ്ങ് ഒരു വാക്ക് പറഞ്ഞാൽ മതി. ഒരു ബസേയുള്ളു, അതുകൊണ്ട് 25 കാർഡ് മാത്രമേ കൊടുക്കുകയുള്ളൂ. 5 ബസ് ഉണ്ടായിരുന്ന റൂട്ടിൽ നിന്ന് 4 ബസും നിർത്തിലാക്കിയിട്ട് ഒരു ബസ് മാത്രമേയുള്ളു. കൺസഷൻ കാർഡ് കൊടുക്കില്ല എന്നുപറയുന്നത് മര്യാദകേടാണ്. അത് കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : എന്റെ പ്രിയപ്പെട്ട അനുയായിയായ ശ്രീ. പി. സി. ജോർജ് പറഞ്ഞത് ഞാൻ ശ്രദ്ധിച്ചുകേട്ടു.

LIBRARY ARCHIVES Kerala Legislative Assembly